AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

## Press Release

PR . 143/2019 05.09.2019

## വിപണി ഇടപെടലുകളിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത് എല്ലാവർക്കും നേട്ടം: മുഖ്യമന്ത്രി

സർക്കാരിന്റെ ശക്തമായ വിപണി ഇടപെടൽ നടപടികൾ കേവലം ഉത്പന്നങ്ങളുടെ വിലകുറച്ച് ഉപഭോക്താക്കൾക്കു ലഭ്യമാക്കുന്നതിനുവേണ്ടി മാത്രമല്ല, മറിച്ച് കാർഷികോത്പന്നങ്ങൾ വിളയിക്കുന്ന കർഷകർക്കുകൂടി നേട്ടമുണ്ടാക്കുന്നതിനു വേണ്ടിയാണ്. അതിന്റെ ഭാഗമായാണ് ഈ ഉത്സവ സീസണിൽ 2000 കാർഷിക വിപണികൾ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സംസ്താനമൊട്ടാകെ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത് - മുഖ്യമന്ത്രി വ്യക്തമാക്കി. സംസ്ഥാന കൃഷി വകുപ്പ്-ഹോർട്ടി കോർപ്പ്-വി.എഫ്.പി.സി.കെ എന്നിവയുടെ സംയുക്ത സംരഭത്തിലൂടെ നടത്തുന്ന ഓണ സമൃദ്ധി 2019 എന്ന വിപണന ശൃഖലയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് പാളയത്തെ ഹോർട്ടി കോർപ്പ് വിപണിയിൽ നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സെപ്റ്റംബർ 7 മുതൽ 10 വരെയാണ് വിവിധ ഗ്രാമപഞ്ചായത്തിലെ കൃഷി ഭവൻ തലത്തിൽ വിപണികൾ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. ഉത്സവ സീസണുകൾ സന്തോഷപ്രദമാക്കുന്നതിന് സർക്കാർ ഒരുക്കുന്ന വിവിധ പദ്ധതികളിൽ ഒന്നാണ് ഇത്തരത്തിലുള്ള വിപണി ഇടപെടലുകളെന്ന് മുഖ്യമന്ത്രി പറഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ വർഷം മുഴുവൻ വിലകുറച്ച് സാധനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്. പ്രളയ ദുരിതത്തിൽ നിന്ന് ജനങ്ങൾ കരകയറികൊണ്ടിരിക്കുകയാണെന്നും ഇത്തരം വിപണി ഇടപെടലുകൾ ദുരിതത്തിലായ കർഷകർക്കും വലിയൊരനുഗ്രഹമായിരിക്കുമെന്നും മുഖ്യമന്ത്രി സൂചിപ്പിച്ചു.

കൃഷി വകുപ്പിന്റെ വിപണി ഇടപെടലുകൾ ഒരു സ്ഥിര സംവിധാനമാക്കി തുടരുവാനാണ് ലക്ഷ്യം വയ്ക്കുന്നതെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച കൃഷി വകുപ്പ് മന്ത്രി വി.എസ് സുനിൽ കുമാർ വ്യക്തമാക്കി. കർഷകർ തദ്ദേശിയമായി ഉൽപ്പാദിപ്പിച്ച പഴം- പച്ചക്കറികൾ വിപണി വിലയേക്കാൾ 10 ശതമാനം അധികവില

നൽകി സംഭരിച്ച് 30 ശതമാനം വിലക്കുറവിലാണ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്. കൃഷി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നല്ല കൃഷി സമ്പ്രദായങ്ങൾ പാലിച്ച് കൃഷി ചെയ്ത GAP സർട്ടിഫൈഡ് ഉതപന്നങ്ങൾ 20 ശതമാനം വരെ കർഷകർക്ക് അധിക വില നൽകി സംഭരിച്ച് 10 ശതമാനം വിലക്കുറവിൽ വിപണിയിൽ ലഭ്യമാക്കുമെന്നും മന്ത്രി അറിയിച്ചു. സംസ്ഥാമൊട്ടാകെയുള്ള വിപണികളിൽ കേരളത്തിലെ പ്രാദേശിക വിഭവങ്ങൾ കൂടാതെ ഭൗമശാസ്ത്ര സൂചിക ലഭിച്ച ഉത്പന്നങ്ങളായ മറയൂർ ശർക്കര, കാന്തല്ലൂർ വെളുത്തുള്ളി, ചെങ്ങാലിക്കോടൻ നേന്ത്രൻ തുടങ്ങിയവയും വില്പനയ്ക്ക് സജ്ജമാക്കിയിട്ടുണ്ട്. കേരളത്തിൽ ലഭ്യമല്ലാത്ത ഉതപന്നങ്ങൾ മാത്രമാണ് അയൽ സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ച് വിൽപ്പന നടത്തുന്നത്. കർഷകർക്ക് യഥേഷ്ടം തെരഞ്ഞെടുക്കാവുന്ന തരത്തിൽ പ്രത്യേകം ഇവ ലേബൽ ചെയ്ത് സുതാര്യതയോടെയാണ് വിപണികൾ പ്രവർത്തിക്കുന്നതെന്നും മന്ത്രി സൂചിപ്പിച്ചു.

തൃശ്ശൂരിൽ നിന്നും ഭൗമശാസ്ത്ര സൂചിക ലഭിച്ച ചെങ്ങാലിക്കോടൻ നേന്ത്രക്കുല കർഷകർ തന്നെ നേരിട്ട് നൽകിയാണ് മുഖ്യമന്ത്രിയെ വേദിയിലേയ്ക്ക് ക്ഷണിച്ചത്. ചടങ്ങിൽ ഓണ സമൃദ്ധി 2019 മൊബൈൽ ആപ് സംവിധാനത്തിന്റെ സമാരംഭം തിരുവനന്തപുരം സഗരസഭാ മേയർ വി.കെ പ്രകാശ് നിർവ്വഹിച്ചു. ഓണത്തിന് ഗുണമേന്മയുള്ള വിഷരഹിത പച്ചക്കറി വാങ്ങുന്നതിന് കാർഷിക വികസന കർഷക ക്ഷേമവകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന വിപണികളുടെ കൃത്യമായ സ്ഥാനം മൊബൈൽ ഉപഭോക്താവിന് നൽകുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷനാണ്. "ഓണവിപണി 2019". തൊട്ടടുത്തുള്ള വിപണിയുടെ സ്ഥാനം, ജില്ലയിലുള്ള വിപണികളുടെ സ്ഥാനം, വിപണിയുടെ ചാർജ്ജുള്ള ഉദ്യോഗസ്ഥനുമായി ബന്ധപ്പെടുന്നതിന് മൊബൈൽ ഫോണിലേയ്ക്ക് വിളിക്കുവാനുള്ള സൗകര്യം, നിൽക്കുന്ന സ്ഥലത്തു നിന്ന് വിപണിയിലെത്തുന്നതിനുള്ള റൂട്ട് മാപ്പ് എന്നിവ ഉൾക്കൊള്ളിച്ചുള്ള കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ലളിതമായ ആൻഡ്രോയിഡ് ആപ്ലിക്കേഷൻ ആണ് "Onavipani 2019" ("ഓണവിപണി 2019"). ഈ ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്. സംസ്ഥാനത്ത് ഓട്ടാകെയുള്ള ഓണവിപണികളുടെ സ്ഥാനവും ഈ ആപ്ലിക്കേഷനിൽ ലഭ്യമാണ്. കുറഞ്ഞ സമയത്തിനുള്ളിൽ ഓണവിപണികൾ കണ്ടെത്തി ഉത്പന്നങ്ങൾ വാങ്ങുന്നതിന് "ഓണവിപണി 2019" ആപ്ലിക്കേഷൻ ഉപയോഗിക്കാവുന്നതാണ്. ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ ലഭ്യമായ ഈ ആപ്ലിക്കേഷൻ പരമാവധി പ്രയോജനപ്പെടുത്തുവാൻ അഭ്യർത്ഥിക്കുന്നു. പച്ചക്കറി കിറ്റിന്റെ ആദ്യ വില്പന ഹോർട്ടി കോർപ്പ് ചെയർമാൻ വിനയൻ നിർവ്വഹിച്ചു. കൃഷിവകുപ്പ് ഡയറക്ടർ ഡോ. രത്തൻ യു. ഖേൽക്കർ ഐ.എ.എസ് ചടങ്ങിന് സ്വാഗതവും ഹോർട്ടി കോർപ്പ്

മാനേജിംഗ് ഡയറക്ടർ ജെ സജീവ് നന്ദിയും പറഞ്ഞു. കാർഷികോത്പാദന കമ്മീഷണർ ദേവേന്ദ്രകുമാർ സിംഗ് ഐ.എ.എസ് പദ്ധതി വിശദീകരണം നടത്തി. തിരുവന്തപുരം നഗരസഭ ഡെപ്യൂട്ടി മേയർ രാഖി രവികുമാർ, തിരുവന്തപുരം നഗരസഭ വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ വഞ്ചിയൂർ പി ബാബു, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്) അനിത കരുണാകരൻ, തുരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ താജുന്നിസ എസ്, വി.എഫ്.പി.സി.കെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സജി ജോൺ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**